ചെയ്യുവരുന്നു. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന അവശ്യ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും ക്യാൻസർ, കിഡ്നി, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള വളരെ വിലകൂടിയ മരുന്നുകളും പൊതുവിപണിയേക്കാൾ വിലക്കുറവിൽ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിക്കുന്നത്.

(സി&ഡി) മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അഞ്ച് (5) തലങ്ങളിലുള്ള മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സംബന്ധിച്ച് സംസ്ഥാന ഔഷധ നിയന്ത്രണ വിഭാഗത്തിൽനിന്നോ മറ്റ് ഏതെങ്കിലും തരത്തിലോ ജനറിക് മരുന്നുകളെ സംബന്ധിച്ച് ഗുണനിലവാരവുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ടി മരുന്നുകളുടെ വിതരണം ഉടനടി നിർത്തിവയ്ക്കുകയും കമ്പനികൾകളെ കരിമ്പട്ടികയിൽപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയ മരുന്നുകൾക്കും കമ്പനികൾക്കും അടുത്ത മൂന്ന് വർഷക്കാലത്തേക്ക് ഇന്ത്യയിൽ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട ഒരു ദർഘാസുകളിലും പങ്കെടുക്കാൻ സാധിക്കുന്നതല്ല. നിലവിൽ മേൽ നടപടിക്രമങ്ങളിലൂടെ കോർപ്പറേഷൻ 32 ഇനം മരുന്നുകളെയും 5 മരുന്ന് കമ്പനികളെയും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

അന്യ സംസ്ഥാനത്തുനിന്നും വരുന്ന വിഷലിപ്തമായ ഭക്ഷ്യവസ്തുക്കൾ

13 (702) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ, പാൽ എന്നിവയിൽ അനുവദനീയമായതിൽ കൂടുതൽ വിഷാംശം ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഭക്ഷ്യോൽപ്പന്നങ്ങൾ ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(സി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഇത്തരം വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കൾ വിൽപനയ്ക്കായി എത്തിച്ചതിന്റെ പേരിൽ എത്ര കമ്പനികൾ/സ്ഥാപനങ്ങൾ/ വിതരണക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം ഭക്ഷ്യ വസ്തുക്കൾ അതിർത്തി കടന്ന് വരുന്നില്ലെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. പാലിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല.

(ബി) ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസഡ്യൂടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്.

(സി) സംസ്ഥാനത്തെ വിപണികളിൽനിന്ന് കഴിഞ്ഞ 6 മാസത്തിനുള്ളിൽ പരിശോധിച്ച ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ പ്രതിപാദിക്കാത്ത നിരവധി കീടനാശിനികളുടെ സാന്നിധ്യമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവകാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പച്ചക്കറികൾ, പാൽ എന്നിവ കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി ചെക്ക്പോസ്റ്റുകൾ ഉള്ള ജില്ലയിൽ പ്രത്യേക ജാഗ്രത നിർദ്ദേശം നൽകാറുള്ളതും അതിർത്തി കടന്ന് വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂടുതലായി സ്വീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുമുണ്ട്.

ആന്റി റാബീസ് വാക്സിൻ

14 (703) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ ആശുപത്രികളിൽ ആന്റി - റാബീസ് വാക്സിനുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly